ശ്രീ. കെ. സി. ഏബ്രഹാം : തിരദേശങ്ങളിലെ ഒരു പ്രധാന വ്യവസായമായ ചെമ്മീൻപരിപ്പു വ്യവസായം ആറുമാസക്കാലമായിട്ട് വളരെ അധഃപതിച്ചുവരികയാണെന്നുള്ളവിവരം അറിയാമോ ?

മി. സ്പീക്കർ : അതിനു മറുപടി പറയേണ്ടതു് വ്യവസായമന്ത്രിയാണു്. ഈ ചോദ്യം മത്സ്യസമ്പത്തിനെ പരമാവധി പൂഷണംചെയ്യുന്നതിനുള്ള പദ്ധതിയെപ്പറ്റിയാണു്.

ശ്രീ. കെ. സി. ഏബ്രഹാം : സർ, ഇവിടെനിന്നും ചെമ്മീൻപരിപ്പു കയറ്റി അയച്ചുകൊണ്ടിരുന്നതു് ബർമ്മയിലായിരുന്നു. ഇന്നു് അതു കയറ്റി അയയ്ക്കുന്നതിനു തടസ്സമുണ്ടു്. അങ്ങനെ ആ വ്യവസായം അധഃപതിച്ചിരിക്കുകയാണു്.

മി. സ്പീക്കർ: മി. കെ. സി. ഏബ്രഹാം, ഞാൻ പറഞ്ഞതു്, ഇവിടെ ചോദിച്ചിരിക്കുന്ന ചോദ്യത്തിനു സപ്ലിമെന്ററിയായിട്ടു് ഈ ചോദ്യം വരികയില്ലെന്നാണു്. ചോദ്യത്തിൽ പറയുന്നതു് ഇവിടത്തെ മത്സ്യസമ്പത്തു പരമാവധി പൂഷണം ചെയ്യാൻ ഗവണ്മെൻറിനു് എന്തു പദ്ധതിയാണുള്ളതെന്നാണു്.

ശ്രീ. കെ. സി. ഏബ്രഹാം : ചെമ്മീൻ പുറത്തേയ്ക്കു അയച്ചാൽ നല്ല ഒരു മാർക്കറ്റുണ്ടായിരുന്നു. അതിനുള്ള സാദ്ധ്യത ഇന്നില്ലാതായിരിക്കുന്നസ്ഥിതിക്കു് ഇവിടെ മത്സ്യസമ്പത്തു പരമാവധി പൂഷണംചെയ്താലും പ്രയോജനമില്ലല്ലോ. അതുകൊണ്ടു ചോദിച്ചതാണു്.

സംഘർഷാവസ്ഥ സംഘടിപ്പിക്കുന്ന പ്രചരണ പ്രക്ഷോഭണങ്ങൾ.

* 1615. [9] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളസംസ്ഥാനത്തിലാകെ സംഘർഷാവസ്ഥ സംഘടിപ്പിക്കാൻ സമുദായസംഘടനകളുടെ പ്രധാനനേതാക്കൾ ശ്രമിക്കുന്നതായി ഗവണ്മെൻറിനറിയാമോ ;

(ബി) പള്ളിക്കൂടങ്ങൾ തുറപ്പിക്കയില്ലെന്നും, മന്ത്രിമാരുടെ തല കൊയ്യുമെന്നും, എൻ. എസ്സ്. എസ്സ്. നേതാവു് ശ്രീ. മന്നത്തു പദ്മനാഭനെ അനുയായികളും പ്രസംഗിച്ചുവരുന്നതായി റിപ്പോർട്ടു കിട്ടിയിട്ടുണ്ടോ ;

(സി) സമുദായാംഗങ്ങളുടെ പേരുംപറഞ്ഞു് നാട്ടിൽ സൈര ജീവിതം ആഗ്രഹിക്കുന്നവരെ തടസ്സപ്പെടുത്തുന്ന ഇത്തരം പ്രചരണപ്രക്ഷോഭണങ്ങളെ ഗവണ്മെൻറു സാഗതം ചെയ്യാൻ തയ്യാറുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഏതുതരത്തിലുള്ള സമീപനമാണു് ഈ പ്രചർണപ്രക്ഷോഭണങ്ങളോടു സ്വീകരിക്കുന്നതെന്നു പറയാമോ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) അറിയാം.

(ബി) മന്ത്രിമാർ ജീവിച്ചിരിക്കുകയില്ലെന്നു ധ്വനിപ്പിച്ചു് പ്രസംഗിച്ചതായി റിപ്പോർട്ടുണ്ടു്.

(സി) ഇല്ല.

(ഡി) ഗവണ്മെൻറിൻെറ സർവ്വശക്തിയും ഉപയോഗിച്ചു് ഈ വെല്ലുവിളിയെ നേരിടുന്നതാണു്. ഈ പ്രചരണപ്രക്ഷോഭണങ്ങളെ നിശ്ശേഷം സാഹചര്യപ്പെടുത്തുന്ന സമീപനമാണു് ഗവണ്മെൻറിനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. സുഗതൻ : സമുദായസംഘടനാനേതാക്കന്മാർ മാത്രമല്ല, കേരളത്തിലെ കാൺഗ്രസ്സുസംഘടനയുടെ ഖജാഞ്ചിയായ ഒരു മാന്യനും, ഇലക്ഷൻ കൂടാതെ ഈ മന്ത്രിസഭയെ മാറ്റുന്നതിനുപോലും ശ്രമിക്കണമെന്നു പറഞ്ഞിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അതു ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. ഇളിക്കുള : മന്നത്തു പത്മനാഭന്റെ പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞിട്ടില്ലെന്നു്, അദ്ദേഹം ശ്രീ. കേളപ്പനു് അയച്ച ഒരു കത്തിൽ പറഞ്ഞിട്ടുള്ളതായി അറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : പത്രത്തിൽ കണ്ടു.

ശ്രീ. കെ. എം. ജാർജ്ജു് : തികച്ചും സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ ഈ ഗവണ്മെൻറിനെ മാറ്റാനുള്ളശ്രമം നടത്തണമെന്നാണു് ശ്രീ. മന്നത്തു പത്മനാഭൻ ഈ രാജ്യത്തു ഉടനീളം പ്രസംഗിച്ചിട്ടുള്ളതെന്നറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : ഉടനീളം പ്രസംഗിച്ചിട്ടുള്ളതു് അങ്ങനെയല്ല ; ശ്രീ. കേളപ്പനു് അയച്ച കത്തിൽ മറിച്ചാണു് പറഞ്ഞിട്ടുള്ളതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : മന്ത്രിമാരുടെ തലകൊയ്യുമെന്നു പറഞ്ഞതു് ആരൊക്കെയാണു് ?

ശ്രീ. സി. അച്യുതമേനോൻ : മന്ത്രിമാരുടെ തല കൊയ്യുമെന്നു പറഞ്ഞതായി ഞാൻ പറഞ്ഞില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ : മന്ത്രിമാരുടെ തല കാണുകയില്ലെന്നു പ്രസംഗിച്ചിട്ടുള്ളവർ ആരൊക്കെയാണു് ?

ശ്രീ. സി. അച്യുതമേനോൻ : ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിച്ചില്ലെന്നു തോന്നുന്നു ; ഞാൻ അതു രണ്ടാമതും വായിക്കാം : 'മന്ത്രിമാർ ജീവിച്ചിരിക്കുകയില്ലെന്നു ധ്വനിപ്പിച്ചു് പ്രസംഗിച്ചതായി റിപ്പോർട്ടുണ്ടു്' എന്നാണു് പറഞ്ഞതു്. തല കാണുകയില്ല എന്നു പറഞ്ഞിട്ടില്ലെങ്കിലും, ഗൗരിയുടെ തലയിൽ തീകൊള്ളത്തണം, മന്ത്രിമാരെ കാണുകയില്ല എന്നൊക്കെ അത്യംവരത്തക്കവിധത്തിൽ പ്രസംഗിച്ചിട്ടുള്ളതിന്റെ റിപ്പോർട്ടുണ്ടു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ആരൊക്കെയാണു് അങ്ങനെ പ്രസംഗിച്ചിട്ടുള്ളതു് ?

ശ്രീ. സി. അച്യുതമേനോൻ : ശ്രീ. മന്നത്തു പത്മനാഭന്റെ കാര്യമാണു് ഈ ചോദ്യത്തിൽ ചോദിച്ചിട്ടുള്ളതു്.

ശ്രീ. ആർ. പ്രകാശം : ശ്രീ. മന്നം ദിവസവും അഭിപ്രായം മാറിമാറി പറയുന്ന ഒരാളാണെന്നറിയാമോ ; ശ്രീ. കേളപ്പനയച്ച കത്തിലെ അഭിപ്രായമല്ല, പ്രസംഗിക്കുന്നതെന്നു് അതിൽനിന്നും വ്യക്തമല്ലേ ?

മി. സ്പീക്കർ : ശ്രീ. മന്നത്തിന്റെ സ്വഭാവത്തെപ്പറ്റിയല്ല ഇതിൽ പരാമർശിക്കുന്നതു്.

ശ്രീ. ആർ. പ്രകാശം : ഒരിക്കൽ വിദ്യാഭ്യാസബില്ലു് വായിച്ചുനോക്കാതെ അതിനെ അനുകൂലിച്ചു അദ്ദേഹം ഇപ്പോൾ അതിനെ എതിർത്തു പ്രക്ഷോഭണം നടത്തുകയല്ലേ ?

Mr. Speaker : Order, order. The character of Shri Mannath Padmanabhan is not at all relevant here.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : അക്രമപ്രേരകമായ പ്രസംഗങ്ങൾ ചെയ്യുകയും, പ്രക്ഷോഭണങ്ങൾ സംഘടിപ്പിക്കുകയുംചെയ്തു് ഇന്നു രാജ്യത്തു് കുഴപ്പങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്ന ശ്രീ. മന്നത്തു പദ്മനാഭനെ അറസ്റ്റു ചെയ്യുന്ന കാര്യം ഗവണ്മെൻറു് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ആവശ്യമാണെങ്കിൽ അങ്ങനെയും ചെയ്യും ; വേണ്ടസമയത്തു് വേണ്ടതുപോലെ ഗവണ്മെൻറു ചെയ്തുകൊള്ളും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : മുഖ്യമന്ത്രിയും, ധനകാര്യമന്ത്രിയും, നിയമവകുപ്പുമന്ത്രിയുംകൂടി ഇന്നലെയോ, മിനിയാന്നോ ഒരു ഒത്തുതീർപ്പിനുവേണ്ടി മന്നത്തു പദ്മനാഭന്റെ കാലുപിടിക്കാൻ പോയതായി ചില പത്രങ്ങളിൽ കണ്ട വാർത്ത ശരിയാണോ ?

ശ്രീ. സി. അച്യുതമേനോൻ : അതിനെപ്പറ്റി അറിഞ്ഞുകൂടാ ; ഞങ്ങളൊക്കെ ഞങ്ങളുടെ വീടുകളിലുണ്ടായിരുന്നു.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : മന്നത്തു പദ്മനാഭൻ ആരംഭിച്ചിട്ടുള്ള ഈ പ്രക്ഷോഭണത്തെ അടിച്ചമർത്തുന്നതിനു് ഇവിടത്തെ പോലീസിനെക്കൊണ്ടു കഴിയുകയില്ലെന്നും, കേന്ദ്രഗവണ്മെൻറിന്റെ പട്ടാളത്തിന്റെ സഹായം വേണമെന്നും ഈ ഗവണ്മെൻറു് നിവേദനം നടത്തിയിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : നിവേദനം നടത്താതെ, ഈ കാര്യം നടത്താൻ ഈ ഗവണ്മെൻറിനു് അധികാരമുണ്ടു്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : പുതുതായി പോലീസിനെ റിക്രൂട്ടു ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ആവശ്യമുണ്ടെങ്കിൽ റിക്രൂട്ടുചെയ്യും.

ശ്രീ. കെ. എം. ജോർജ്ജു് : ഈ പ്രക്ഷോഭണത്തെ അഭിമുഖീകരിക്കുന്നതിനു് ഇവിടെ ഇപ്പോഴുള്ള പോലീസു പോരാ, പുതിയ പോലീസിനെ റിക്രൂട്ടു ചെയ്യണമെന്നു് കമ്മ്യൂണിസ്റ്റു് കോൺഫറൻസിൽ ഉന്നയിച്ച അഭിപ്രായത്തെ കമ്മ്യൂണിസ്റ്റുകാർ പ്രതിഷേധിച്ചതായി പറയുന്നതു ശരിയാണോ ?

ശ്രീ. സി. അച്യുതമേനോൻ : കമ്മ്യൂണിസ്റ്റു് കോൺഫറൻസിൽ നടന്നതെല്ലാം രഹസ്യമായിരുന്നു, അതിനെപ്പറ്റി ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജു് : അതിന്റെ വിശദാംശങ്ങളെപ്പറ്റി അറിയാൻ ചോദിക്കുകയല്ല.

മി. സ്പീക്കർ : അതിനെപ്പറ്റി ഒന്നുംതന്നെ പറയാൻ സാദ്ധ്യമല്ലെന്നു പറഞ്ഞുകഴിഞ്ഞു.

ശ്രീ. കെ. എം. ജോർജ്ജു് : അതു് അങ്ങേയ്ക്കു പറയട്ടെ.

മി. സ്പീക്കർ : ആർഡർ, ആർഡർ. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതു്, പുതുതായി പോലീസിനെ റിക്രൂട്ടുചെയ്യണമെന്നുള്ള നിർദ്ദേശത്തെ കമ്മ്യൂണിസ്റ്റു് കോൺഫറൻസിൽ എതിർത്തതായി പറയുന്നതു് ശരിയാണോ എന്നാണു്. അതിനു് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു, കമ്മ്യൂണിസ്റ്റു് കോൺഫറൻസിൽ നടന്നതൊന്നും ഇവിടെ പറയാൻ ഉദ്ദേശിക്കുന്നില്ല ; അതെല്ലാം രഹസ്യമായിരുന്നുവെന്നു്. ഇനിയും അതിനെപ്പറ്റി ചോദിക്കുന്നതു് ശരിയല്ല.

ശ്രീ. കെ. എം. ജോർജ്ജു് : അതിലെ ഡിറെയിൽസു് അറിയണമെന്നു പറയുന്നില്ല. പുതുതായി പോലീസിനെ റിക്രൂട്ടുചെയ്യാൻ ഫൈനലായിട്ടു് തീരുമാനിച്ചുകഴിഞ്ഞോ ?

Mr. Speaker: Mr. K. M. George, you should not ask like that.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ് : അക്രമപ്രേരകമായ പ്രസംഗങ്ങളെപ്പറ്റി ഗവണ്മെൻറ് ഇതു രാഷ്ട്രപുരുഷന്മാരോടുകൂടി നടപടിയെടുക്കാൻ ആലോചിക്കുന്നതു പോലെ, ഈ രാജ്യദ്രോഹകരമായ അക്രമപ്രവൃത്തികളുടെപേരിലും ആവശ്യമായ നടപടി എടുക്കുമോ ?

ശ്രീ. സി. അച്യുതമേനോൻ : തീർച്ചയായിട്ടും ; അതു് ഇതിൽനിന്നു തന്നെ മനസ്സിലാക്കാമല്ലോ .....

ശ്രീ. ഇ. പി. പൗലോസ് : ഇതിനകം... .....

മിസ്റ്റർ സ്പീക്കർ : ആർഡർ, ആർഡർ. ഞാൻ വളരെ കർശനമായി ഒരു കാര്യം ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണു്. ഒരു ചോദ്യം ചോദിച്ചു് അതിനു് ഉത്തരം പറയുന്നതിനിടയിൽ വേറൊരു ചോദ്യം ചോദിക്കാൻ എഴുന്നേറ്റു നിൽക്കരുതെന്നു്.

Shri E. P. Poulose: When the Minister was answering the question he put a cross question to me. That is why I stood up and began my question. But the Speaker did not notice that, because you are shutting your eyes on what is taking place on the other side.

Mr. Speaker: You are imputing partiality to the Chair. You must withdraw your statement.

Shri E. P. Poulose: This is not the first occasion I find this, Sir. But on my part, I am prepared to withdraw it.

One more question, Sir.

Mr. Speaker: Yes.

ശ്രീ. ഇ. പി. പൗലോസ് : അക്രമപ്രേരകങ്ങളായ പ്രസംഗങ്ങൾ നടക്കുന്നതിൻെറ പേരിൽ കർശനമായ നടപടിയെടുക്കുമെന്നു പറയുന്ന ഗവണ്മെൻറ് ഈ രാജ്യം മുഴുവൻ കഴിഞ്ഞ രണ്ടുകൊല്ലക്കാലമായി നടന്നിട്ടുള്ള അക്രമങ്ങളുടേയും, കൊലപാതകങ്ങളുടേയുംപേരിൽ ശരിയായ നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ : അതു് വളരെ വ്യക്തമായിട്ടുള്ള ഒരു സംഗതിയാണു്. അക്രമപ്രേരകങ്ങളായ പ്രസംഗങ്ങൾ നടത്തുമ്പോൾ അതിൻെറ പേരിൽ ആവശ്യമായ നടപടിയെടുക്കുമെന്നു പറയുമ്പോൾ, അക്രമപ്രവൃത്തികൾ ചെയ്താൽ തീർച്ചയായിട്ടും നടപടി എടുക്കുമെന്നാണർത്ഥം.

ശ്രീ. ഇ. പി. പൗലോസ് : ഈ പ്രക്ഷോഭണത്തെ സംബന്ധിച്ചിടത്തോളം ഈ ഗൗരവപൂർവ്വം ഗവണ്മെൻറ് ഒരു നിലപാടു സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്കു് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിൻെറ വ്യക്തമായ നിലപാടെന്താണെന്നുള്ളതിനെപ്പറ്റി ഈ സഭയിൽ ഒരു പ്രസ്താവന ചെയ്യാൻ തയ്യാറാകുമോ ?

ശ്രീ. സി. അച്യുതമേനോൻ : എന്താണു് ഇതിൽനിന്നും കൂടുതൽ ഉദ്ദേശിക്കുന്നതെന്നറിഞ്ഞില്ല. "ഗവണ്മെൻറിൻെറ നിലപാടെന്താണെന്നുള്ളതു്" പറഞ്ഞുകഴിഞ്ഞു. കൂടുതലായിട്ടു് അതു് ഒരു പ്രസ്താവനയുടെ രൂപത്തിൽ പറയണമെന്നു വിചാരിക്കുന്നില്ല ; വേണ്ടിവന്നാൽ അങ്ങനെചെയ്യാം.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ഈ പ്രക്ഷോഭണത്തെ തെരുവിൽ വച്ചു നേരിടാൻ തയ്യാറാണെന്നു് ഈ സംസ്ഥാനത്തെ മുഖ്യമന്ത്രി പരവൂർ ഒരു പ്രസംഗത്തിൽവച്ചു പറഞ്ഞതായി പത്രറിപ്പോർട്ടുള്ളതായി അറിയാമോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : പത്രറിപ്പോർട്ടുണ്ടു് അതു റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. വിശ്വനാഥൻ : ശ്രീ. എം. എൻ. ഗോവിന്ദൻനായർ അങ്ങനെ പറഞ്ഞിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഇല്ല.

പഞ്ചായത്ത്, പബ്ലിക് വർക്സ് ഡിപ്പാർട്ട്മെൻറുകളുടെ പുനഃസംഘടന.

* 1616. [10] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

പഞ്ചായത്തു്, പബ്ലിക് വർക്സു് ഡിപ്പാർട്ട്മെൻറുകളുടെ പുനഃസംഘടനയെത്തുടർന്നു് പഞ്ചായത്തിൽനിന്നും പബ്ലിക്കു് വർക്സിലേക്കു് നിയോഗിച്ച എത്ര ഉദ്യോഗസ്ഥന്മാരെ പോസ്റ്റുചെയ്യാതിരുന്നിട്ടുണ്ടു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദു്) :

രണ്ടു സൂപ്രണ്ടുമാരെയും ഒരു അപ്പർഡിവിഷൻ ക്ലർക്കിനേയും ഒഴികെ ബാക്കി എല്ലാവരേയും പോസ്റ്റുചെയ്തുകഴിഞ്ഞു. ഈ മൂന്നുപേർക്കും പഞ്ചായത്തു ഡിപ്പാർട്ട്മെൻറിലുണ്ടായിരുന്നതിനു തുല്യമായ തസ്തികകളിൽ പബ്ലിക്കു് വർക്സു് ഡിപ്പാർട്ട്മെൻറിൽ നൽകുന്ന കാര്യത്തെപ്പറ്റി ലോക്കൽ ബാഡിസു് ഡയറക്ടറുമായി ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. കെ. കൃഷ്ണൻ : അവരെ പോസ്റ്റുചെയ്യാതായിട്ടു് വളരെക്കാലമായിട്ടുണ്ടോ ?

ശ്രീ. ടി. അബ്ദുൽ മജീദു്: അവരുടെ ലീൻ സംബന്ധിച്ചുള്ള തർക്കമാണു് പോസ്റ്റിംഗിനു താമസമുണ്ടാക്കുന്നതു്.

ശ്രീ. കെ. എ. ബാലൻ : അവർക്കു് ലോക്കൽ ബാഡിസു് ഡയറക്ടറേറ്റിലോ ഫീസിലും, പി. ഡബ്ലിയു. ഡിപ്പാർട്ട്മെൻറിലും ജോലിയില്ലാതെവരുമോ ?

ശ്രീ. ടി. അബ്ദുൽ മജീദു് : അങ്ങനെയുള്ള കുഴപ്പമൊന്നും ഇല്ല. അവർ ഇപ്പോൾത്തന്നെ ഏതെങ്കിലും ഒരു ഡിപ്പാർട്ട്മെൻറിൽ ജോലിചെയ്യുന്നുണ്ടു്.

തീപിടിത്തംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ.

* 1617. [11] ശ്രീ. കെ. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) 1958-59 സാമ്പത്തികവർഷത്തിൽ മലബാർ പ്രദേശത്തെ കടൽത്തീരങ്ങളിൽ എവിടെയെല്ലാം തീപിടിത്തംമൂലം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടു് ;

(ബി) അങ്ങനെയുണ്ടായിട്ടുള്ള നഷ്ടങ്ങൾ പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു ;

(സി) പൊന്നാനി കടൽത്തീരത്തു് മത്സ്യത്തൊഴിലാളികളുടെ വേനങ്ങൾക്കു തീപിടിത്തംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനു് ഗവണ്മെൻറു് എന്തെങ്കിലും ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly